(ബി) പാവപ്പെട്ട പട്ടികജാതിക്കാരായ രോഗികൾക്ക് ചികിൽസാ ധനസഹായം ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഈ പദ്ധതിപ്രകാരം തുക ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ചികിൽസാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നില്ല.

(ബി) ചികിൽസാ ധനസഹായം അർഹരായവർക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉദുമ എം. ആർ. എസ്.ൽ അനുവദിച്ച +2 കോഴ്സ് ആരംഭിക്കുന്നതിന് നടപടി

8 [588] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗവികസനവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള ഉദുമ എം. ആർ. എസ്.ൽ +2 കോഴ്സ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതു വർഷമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച +2 ഇതുവരെ ആരംഭിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിദ്യാഭ്യാസ വർഷം ഉദുമ എം. ആർ. എസ്.ൽ +2 ക്ലാസ്സുകൾ ആരംഭിക്കുന്നതിലേക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) 2004-ൽ ആണ് +2 കോഴ്സ് അനുവദിച്ചത്.

(സി) & (ഡി) ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ +2 കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ലഭ്യമല്ല. ഇതിനു സമീപത്തായി അനുയോജ്യമായ സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly